(ബി-ഡി) ഇതു സംബന്ധിച്ച സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ പുതിയ വൈദ്യുതി നയത്തിന്റെ ഭാഗമായുള്ള ബോർഡിന്റെ പുനഃസംഘടനക്കുശേഷം മാത്രമേ പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച തീരുമാനം ബോർഡ് കൈക്കൊള്ളുകയുള്ളു.

സഹകരണമേഖലയിലെ പ്രാഥമിക സഹകരണ ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തനം

134 (1801) ശ്രീ. പി. രാഘവൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയിലെ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ കാർഷിക ഗ്രാമവികസന ബാങ്കുകൾക്ക് ഇതര സഹകരണ സ്ഥാപനങ്ങൾ നടത്തി വരുന്ന എല്ലാവിധ ഇടപാടുകളും നടത്താനാവില്ല എന്നതു ശ്രദ്ധയിൽപ്പെട്ടുവോ ;

(ഡി) എങ്കിൽ ഇതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി&ഡി) ദീർഘകാല വായ്പകൾ നൽകുന്ന ബാങ്കുകൾ സാധാരണ നിലയിലുള്ള ബാങ്കിംഗ് ബിസിനസ് നടത്തുവാൻ അനുവാദമില്ല. ആയതിനാൽ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്ക് മറ്റ് സഹകരണസ്ഥാപനങ്ങൾക്ക് നടത്താവുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാനാവില്ല.

ഭരണസമിതി പിരിച്ചുവിട്ട സഹകരണ സ്ഥാപനങ്ങൾ

135 (1802) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതി പിരിച്ചുവിട്ടിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ എത്ര സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകൾ പിരിച്ചുവിടൽ ഹൈക്കോടതി ഉത്തരവു മുഖേന സ്റ്റേ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 101 സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികളെ പിരിച്ചു വിട്ടിട്ടുണ്ട്.

(ബി) ഈ കാലഘട്ടത്തിൽ 26 സഹകരണസ്ഥാപനങ്ങളുടെ പിരിച്ചു വിടൽ ഹൈക്കോടതി ഉത്തരവു മുഖേന സ്റ്റേ ചെയ്തിട്ടുണ്ട്.

എൻ. സി. ഡി. സി. യുടെ സഹായത്തോടെ സഹകരണ മേഖലയിൽ വ്യവസായ സ്ഥാപനങ്ങൾ

136 (1803) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. സി. ഡി. സി. യുടെ ധനസഹായത്തോടെ കേരളത്തിൽ സഹകരണ മേഖലയിൽ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) എൻ. സി. ഡി. സി. യുടെ ധനസഹായത്തോടെ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നതിന് പുതിയ പ്രോജക്റ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ കീഴിലുള്ള ചേനപ്പടി ക്രംബ് റബ്ബർ ഫാക്ടറി, കേരള കർഷക സഹകരണ ഫെഡറേഷന്റെ കീഴിലുള്ള കരുനാഗപ്പള്ളി ഓയിൽ കോംപ്ലക്സ്, റെയ്ഡ്കോയുടെ കീഴിലുള്ള പമ്പ്സെറ്റ് മാനുഫാക്ചറിംഗ് യൂണിറ്റ്, പഴം സംസ്ക്കരണ യൂണിറ്റ്, കറിപൗഡർ യൂണിറ്റ്, ഐ.സി.ഡി.പി. ധനസഹായ പദ്ധതിപ്രകാരം തൊടുപുഴ താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ കീഴിലുള്ള ക്രംബ് റബ്ബർ ഫാക്ടറി, എല്ലുക്കൽ ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള പാൽ സംസ്ക്കരണ യൂണിറ്റ്, ഇടുക്കി ജില്ല കാലിത്തീറ്റ നിർമ്മാണ വിപണന സഹകരണ സംഘത്തിന്റെ കീഴിലുള്ള കാലിത്തീറ്റ ഫാക്ടറി, അറക്കുളം ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള സ്പൈസ് പൗഡറിംഗ് യൂണിറ്റ്, എറണാകുളം ജില്ലാ മൊത്ത വ്യാപാര സ്റ്റോറിന്റെ കീഴിലുള്ള കറിപൗഡർ യൂണിറ്റ്, കേരള പട്ടികജാതി -പട്ടികവർഗ്ഗ ഫെഡറേഷന്റെ കീഴിലുള്ള തേൻ സംസ്ക്കരണ യൂണിറ്റ്, ചീവയ്ക്ക

LIBRARY ARCHIVES Kerala Legislative Assembly